കേരള സർക്കാർ


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

www.ksad.kerala.gov.in

Phone – 04912520145


# തൃത്താല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി20/110/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഇ-മെയിൽ – dopkd.ksad@kerala.gov.in
ഫോൺ – 04912520145
തിയതി: 09.04.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃത്താല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃത്താല ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം( ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി20/110/2021 തീയതി – 09.04.2021

## പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.05.2019 മുതൽ 20.12.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീശൻ.എൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-12-2020 മുതൽ 30-12-2020 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| സദാനന്ദൻ.പി.ജി | ഓഡിറ്റ് ഓഫീസർ |
| ഹരിഗോബിന്ദ്.കെ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കൃഷ്ണകുമാർ.എ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീമതി. അമ്പിളി.എം, | 01-04-2018 മുതൽ |

| | | |
|---|---|---|
| | അസി.സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്) | 26-06-2018 വരെ, 13-10-2018 മുതൽ 20-11-2018 വരെ, 08-02-2019 മുതൽ 22-02-2019 വരെ & 26-03-2019 മുതൽ 31-03-2019 വരെ |
| | ശ്രീ.രാധാകൃഷ്ണപ്പിള്ള.പി | 27.06.2018 മുതൽ 12-10-2018 വരെ |
| | ശ്രീ. പ്രകാശ് സി.എസ് | 21-11-2018 മുതൽ 07-02-2019 വരെ |
| | ശ്രീ. സിറോഷ്.എസ് | 23-02-2019 മുതൽ 25-03-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സുനിൽ.കെ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ശ്രീ. അരുൺ രാജ് | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സരസ്വതി.സി.എം | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | സൂര്യൻ.കെ.ജി | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. വിപിൻ കിഷോർ | 01-04-2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ജയരാമൻ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. പ്രദീപ് ജേക്കബ്.എ | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ | വിജയകുമാർ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| | | |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.അമ്പിളി.എം | 01-04-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| 11 | വാടക -ഡിമാന്റ് കണക്കാക്കിയതിൽ വ്യത്യാസം പരിഹരിക്കേണ്ടതാണ് | 1-11 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-13 |
| 14 | സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 1-14 |
| 15 | കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-15 |
| 16 | വസ്തുനികുതി- മൊബൈൽ ടവറുകളിൽ നിന്നുള്ള കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-16 |
| 17 | കുഴൽ കിണർ നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-17 |
| 18 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ | 1-18 |

| | | |
|---|---|---|
| | ടാങ്ക് - അധികം തുക ചെലവഴിച്ചു | |
| 19 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ് | 1-19 |
| 20 | ഓഫീസ് വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 1-20 |
| 21 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-21 |
| 22 | സോളാർ വൈദ്യുതീകരണം പദ്ധതി- ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല | 1-22 |
| 23 | പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല | 1-23 |
| 24 | അസി.എഞ്ചിനീയർ ഹാജരാക്കിയ വർക്ക് ഫയലുകളിൽ രേഖകൾ മുഴുവനായും ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങിയത് സബ്സിഡി മാർഗ്ഗരേഖാ ലംഘനം | 1-25 |
| 26 | റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല | 1-26 |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-27 |
| 28 | ജിസ്റ്റർ, ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല | 1-28 |
| 29 | ബജറ്റ് തയ്യാറാക്കൽ- ഫയൽ ഹാജരാക്കിയില്ല | 1-29 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഒന്നുമില്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം | |

| | | |
|---|---|---|
| | പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 30 | പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല | 3-1 |
| 31 | റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല | 3-2 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 43 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേലുള്ള സാക്ഷ്യപത്രം | അനുബന്ധം-1 |
| 44 | വാർഷിക ധനകാര്യപത്രിക-സംക്ഷിപ്തം | അനുബന്ധം-2 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

07.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 31-05-2019 | - | - |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21319490 |
| വരവ് | 69004487 |
| ആകെ | 90323977 |
| ചെലവ് | 71430106 |
| നീക്കിയിരിപ്പ് | 18893871 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 14600000 | 14600000 | 13593200 | 1006800 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 13371000 | 13371000 | 12424338 | 946662 |
| മെയിന്റനൻസ്, റോഡ് | | 0 | 3348000 | 3348000 | 1569677 | 1778323 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3013000 | 3013000 | 1150742 | 1862258 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 6775000 | 6775000 | 5630523 | 1144477 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 17353716 | 17353716 | 17353716 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 221 | 6500113 | 650334 | 633157 | 17177 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 808054 | 695780 | 1503834 | 808054 | 695780 |
| | ICDS | 2096931 | 326475 | 2423406 | 0 | 2423406 |
| | BRGF | 182177 | 0 | 182177 | 0 | 182177 |
| | SSA | 11019 | 0 | 11019 | 0 | 11019 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 23056 | 0 | 23056 | 18504 | 4552 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3929924 | 3929924 | 3879756 | 50168 |
| | ജില്ലാ പഞ്ചായത്ത് | 0 | 1966094 | 1966094 | 1825646 | 140448 |
| ബി ഫണ്ട് | | 0 | 251280 | 251280 | 251280 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 4211250 | 4211250 | 4211250 | 0 |
| തനത് ഫണ്ട് & മറ്റുള്ളവ | ബാങ്ക് അക്കൗണ്ട് | 12158919 | 33448616 | 45607535 | 28296416 | 17311119 |
| | ട്രഷറി അക്കൗണ്ട് | 9160350 | 22698200 | 31858550 | 30529451 | 1329099 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 101886530 | 93 | 45035688 | 0 | 70 | 57.06 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 57.06% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 44.20% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 7776715 | 4353025 | 55.97 |
| വെറ്ററിനറി സർജൻ | 7 | 7 | 4985000 | 2037500 | 40.87 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 1 | 525000 | 367755 | 70.05 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 1 | 500000 | 400000 | 80.00 |
| വി.ഇ.ഒ | 14 | 11 | 36580690 | 15714640 | 42.95 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 6858786 | 5153980 | 75.14 |
| സെക്രട്ടറി | 28 | 9 | 14174770 | 1973908 | 13.92 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 75 | 36 | 22292879 | 8138503 | 36.50 |
| അസി.സെക്രട്ടറി | 9 | 9 | 7422000 | 6416679 | 86.45 |
| എച്ച്.എം | 7 | 2 | 770690 | 479698 | 62.24 |
| ആകെ | 163 | 93 | 101886530 | 45035688 | 44.20 |

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71280 | 14 |
| കർഷക തൊഴിലാളി പെൻഷൻ | 0 | 0 |
| വിധവാ പെൻഷൻ | 12745600 | 1006 |
| വാർദ്ധക്യകാല പെൻഷൻ | 24709500 | 1890 |
| വികലാംഗ പെൻഷൻ | 3440400 | 287 |
| അവിവാഹിത പെൻഷൻ | 1194800 | 94 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-12-2020 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7081രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റേതായ സ്ഥിര നിക്ഷേപം ഇൻവെസ്റ്റ്മെന്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിനു പകരം ഒരു ബാങ്ക് അക്കൗണ്ടായി തെറ്റായി അക്കൗണ്ട് ചെയ്ത് മുന്നിരിപ്പിലും നീക്കിയിരിപ്പിലും കാണിച്ചിട്ടുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് 2018-19 വർഷം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ ഒന്നും തന്നെ കാലികമല്ല. രജിസറ്ററുകളിലെ സാമ്പത്തിക വർഷാന്ത്യ സംക്ഷിപ്തം എഴുതിയിട്ടില്ല. എഴുതിയ രജിസ്റ്ററുകൾ തന്നെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്ക്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകളുടെ ആവർത്തനം മാത്രമാണുണ്ടാവുന്നത്. പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കുറ്റമറ്റ രീതിയിൽ നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവ പലപ്പോഴും നിഷ്ക്രിയമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി പ്രവർത്തനസജ്ജമാകേണ്ടതും പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ, നിർവ്വഹണ പ്രക്രിയയിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്യേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ കുറേക്കൂടി ജാഗ്രത

പാലിക്കേണ്ടതുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കപ്പെടുന്നുണ്ടെന്ന് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം തുടങ്ങിയ വിഷയങ്ങളിൽ പൊതു ഫണ്ടിന് നഷ്ടമുണ്ടാകാത്ത രീതിയിലുള്ള പ്രവർത്തനം നടപ്പിലാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി ഓരോ വാങ്ങലിലും തീരുമാനങ്ങൾ എടുക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ്-2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-10-2020 | 01-06-2020 മുതൽ 30-09-2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.05.2004 | 1997-98 മുതൽ 2003-04 വരെ | 30.09.2004 |

1-10 വാർഷികകണക്കുകളിലെ അപാകതകൾ

1. സ്ഥിര നിക്ഷേപം ഇൻവെസ്റ്റ്മെന്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിനു പകരം ഒരു ബാങ്ക് അക്കൌണ്ടായി തെറ്റായി അക്കൌണ്ട് ചെയ്ത് മുന്നിരിപ്പിലും നീക്കിയിരിപ്പിലും കാണിച്ചിട്ടുണ്ട്.
2. വാർഷിക ധനകാര്യ പത്രിക പ്രകാരം ഡെപ്പോസിറ്റും, മുൻകൂറുകളും ഉണ്ടായിട്ടും ആയതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നും പ്ലാൻ ഫണ്ട് ലഭ്യമാക്കി ചെലവ് നടന്നിട്ടുണ്ടെങ്കിലും ആയത് പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ -4 പ്രകാരം തുക ചെലവഴിക്കാത്ത രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യതയായി നിലനിൽക്കുന്നു.

1-11 വാടക -ഡിമാന്റ് കണക്കാക്കിയതിൽ വ്യത്യാസം പരിഹരിക്കേണ്ടതാണ്

1) 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വാടക ഇനത്തിലെ ഡിമാന്റ്,കളക്ഷൻ, ബാലൻസ് എന്നിവയിൽ വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യ | 1012236 | 458737 | 553499 |

| | | | |
|---|---|---|---|
| പത്രിക പ്രകാരം | | | |
| രജിസ്റ്റർ പ്രകാരം | 504708 | 481860 | 22848 |

വ്യത്യാസം വരാനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/24.12.2020) ന് ഡിമാന്റ് ചെയ്ത തുകകൾ ഇരട്ടിച്ചതിനാലാണ് വ്യത്യാസം വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) വാടക കരാർ ഹാജരാക്കിയില്ല

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 13 മുറികളാണ് വാടകയ്ക്ക് നൽകിയിരുന്നത്. പ്രസ്തുത റൂമുകൾ വാടകക്ക് നൽകിയവരുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയില്ല (ഓഡിറ്റ് അന്വേഷണം 2/24.12.20). രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2018-19 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എസ്.ആർ ഇൻഡസ്ട്രീസ് | ടി.സിദ്ധാർത്ഥൻ, തടത്തിൽ വീട് | 5 |
| 2 | ടി കെ എം സ്വാമിൽ | കെ.പി.മുഹമ്മദ് ഇക്ബാൽ, കിഴക്കേപീടികയിൽ | 4 |
| 3 | അനുഗ്രഹ ടിമ്പർ പ്രൊഡക്റ്റ്സ് | കെ.കുട്ടൻ നായർ ഗാന്ധി റോഡ് | 8 |
| 4 | നിള ഫ്യുവൽസ് | സുധീഷ്.പി വെള്ളാശ്ശേരി ഹൗസ് | 8 |
| 5 | പുലരി എഞ്ചിനീയറിങ് വർക്സ് | അനിൽദാസൻ.ടി തേറമ്പത്ത് ഹൗസ് | 5 |

| | | | |
|---|---|---|---|
| 6 | ഉഡുപ്പി ഫാമിലി റെസ്റ്റോറന്റ് | സക്കീർഹുസൈൻ<br><br>വയമ്പത്തൊടി ഹൗസ് | 10 |
| 7 | ഡോ.കെ.വി.വിജയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | ഡോ.വിജിത്ത് കെ.വി<br><br>കല്ലടാത്ത് വളപ്പിൽ | 10 |
| 8 | മലബാർ ഫ്ലോറിങ്സ് | മോഹനൻ.ഒ<br><br>ശ്രീദളം | 5 |
| 9 | കെവീസ് ഫാർമസ്യൂട്ടിക്കൽസ് | ഡോ.വിജിത്ത് കെ.വി<br><br>കല്ലടാത്ത് വളപ്പിൽ | 10 |
| 10 | ഇന്ദ്ര ഡിസൈനർ ടൈൽസ് | ഷീല സേതുമാധവൻ<br><br>എരഞ്ഞിക്കാവിൽ ഹൗസ് | 9 |
| 11 | പൊന്നറ ഗോൾഡ് & ഡയമണ്ട് | വെടിക്കാട്ട് കാസിം<br><br>വെടിക്കാട്ട് ഹൗസ് | 12 |
| 12 | തൃത്താല പെട്രോളിയം ഏജൻസി | പി.ബാലൻ<br><br>പടിഞ്ഞാക്കര വീട് | 4 |
| 13 | മിസ്റ്റർകെയർ സെന്റർ<br><br>പ്രൈവറ്റ് ലിമിറ്റഡ് | കെ.പി.മുഹമ്മദ് കുട്ടി<br><br>കൊളമ്പിൽ പള്ളിക്കരമൽ | 5 |
| 14 | ടി കെ എം വുഡ് ഇൻഡസ്ട്രീസ് | ഷാഹുൽഹമീദ്.ടി<br><br>ളുങ്ങലിൽ | 6 |
| 15 | ശ്രീ ധ്വനി സംഗീത നൃത്ത വിദ്യാലയം & കോസ്റ്റ്യൂം സെന്റർ | മഞ്ജുള മനോഹരൻ<br><br>മഠത്തിൽ ഹൗസ് | 8 |
| 16 | ജംഷീദ് ഇൻഡസ്ട്രീസ് ക്രഷർ | അബ്ദുൾ ഹമീദ് ഖാൻ<br><br>തട്ടത്താഴത്ത് വീട് | 4 |
| 17 | ഗ്രാന്റ്സൺ ഭാരത് ഗ്യാസ് | മുഹമ്മദ് റിയാസ്<br><br>കിനാങ്ങാട്ടിൽ | 2 |
| 18 | വിജയ് സിൽക്സ്, തൃത്താല | വിജയ് സി വിൽസൺ | 8 |
| 19 | ആലോണ | രാഘവൻ കെ.പി<br><br>രഘുഭവൻ | 4 |
| 20 | എവിഎസ് ഫർണിച്ചർ | സുനിൽകുമാർ<br><br>ആണ്ടുരവളപ്പിൽ | 5 |
| 21 | എ എം എസ് ട്രേഡിംഗ് കമ്പനി | വി.പി.മുഹമ്മദ് ഹനീഫ<br><br>വടക്കുംപാല | 16 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച പത്രിക ആവശ്യപ്പെടുകയോ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല.

ബി. റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കുവാൻ വിട്ടുപോയ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

സി. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കാനറ ബാങ്ക് | I & II |
| 2 | SBI തൃത്താല | I & II |
| 3 | KSEB തൃത്താല | II |
| 4 | തിരുമിറ്റക്കോട് സർവ്വീസ് സഹകരണ ബാങ്ക് ചാത്തനൂർ | II |
| 5 | PDC ബാങ്ക്, തൃത്താല | II |
| 6 | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ ( ഞാങ്ങാട്ടിരി, തൃത്താല) | I & II |
| 7 | BSNL തൃത്താല | I & II |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/29.12.2020-ന് തൊഴിൽ നികുതി ഈടാക്കുവാൻ വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 2429 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 2086 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 164 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 15 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 49 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 11 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 25 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 18 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 21 |
| | 2 | ഇതര വ്യവസായം | 40 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 424 എണ്ണം മാത്രമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/29.12.20) വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ മുഴുവനും പ്രവർത്തിക്കുന്നവയല്ലെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി )<u>ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല</u>

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ

മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/29.12.20) 2020-21 മുതൽ ലൈസൻസ് ഫീ നിലവിലെ ചട്ടം പ്രകാരം ഈടാക്കി വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

<u>സി. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

<u>ഡി. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു</u>

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/29.12.20) വരും വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഇ. കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>എഫ്. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/29.12.20) റേഷൻകടകൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് -വൈദ്യുതി ചാർജ്ജ് | 791976 |
| പൊതു ടാപ്പുകൾ - വെള്ളക്കരം | 1711091 |
| കുടിവെള്ള പദ്ധതികൾ -വെള്ളക്കരം | 155313 |
| ആകെ | 2658380 |

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്

1-15 കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. ആയത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-16 വസ്തുനികുതി- മൊബൈൽ ടവറുകളിൽ നിന്നുള്ള കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 12 മൊബൈൽ ടവറുകളിൽ 3 എണ്ണം വസ്തുനികുതി കുടിശ്ശിക വരുത്തിയതായി കാണുന്നു.

| വാർഡ് നമ്പർ | മൊബൈൽ ഏജൻസിയുടെ പേര് | നിർണ്ണയിച്ച വസ്തുനികുതി | കുടിശ്ശിക | വർഷം |
|---|---|---|---|---|
| 2/821/A | അസി.ജനറൽ മാനേജർ, ബി.എസ്.എൻ.എൽ പാലക്കാട് | 11907 | 83349 (7*11907) | 2014-21 |
| | | | 4347 (1*4347) | 2013-14 |
| 11/401/A | അസി.ജനറൽ മാനേജർ, ബി.എസ്.എൻ.എൽ പാലക്കാട് | 10290 | 82320 (8*10290) | 2013-21 |
| 14/366/A | GTL INFRASTRUCTURE LTD, PRABHU TOWER, ERNAKULAM | 9539 | 28617 (3*9539) | 2018-21 |

പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/29.12.20) മറുപടിയൊന്നും നൽകിയില്ല. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കുഴൽ കിണർ നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റിന്റെ നമ്പരും പേരും - 24/19, കുഴൽ കിണർ നിർമ്മാണം

അടങ്കൽ- 260000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്- 65100 ( ട്രഷറി ബിൽ നം. 14/26-10-2018)

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, പാലക്കാട്- ന് 65,100 രൂപ ഡെപ്പോസിറ്റ് തുകയായി 714011400000045 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കുഴൽ കിണർ നിർമ്മിച്ചതായി പറയുന്ന ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ആയത് നിർമിച്ചതായി

നിലവിൽ കാണുന്നില്ല. കൂടാതെ നിർവഹണ ഏജൻസിയുമായി കരാർ വെച്ചതിന്റെ വിവരങ്ങളും ലഭ്യമായില്ല. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ടെങ്കിൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസറിൽ നിന്നും എസ്റ്റിമേറ്റിന്റെയും, അളവു പുസ്തകത്തിന്റെയും പകർപ്പ് സഹിതമുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവഴിച്ച 65100 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/28-12-2020) വിനിയോഗ സാക്ഷ്യപത്രവും, അളവുപുസ്തകവും ലഭ്യമാക്കാൻ ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, പാലക്കാട്- ന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

1-18 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അധികം തുക ചെലവഴിച്ചു

പ്രോജക്റ്റ് നമ്പരും, പേരും- 78/19, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്

അടങ്കൽ- 267000 {200000 (SCP)+66700 – ഗുണഭോക്തൃ വിഹിതം}

ചെലവ്- 266700 (ട്രഷറി ബിൽ നം. 34/11-03-2019-140000, 42/26-03-2019-60000 +

ഗുണഭോക്തൃ വിഹിതം- 66700 – വൗച്ചർ നം.21900349/01-08-2019)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 116 എണ്ണം വാട്ടർ ടാങ്കുകൾ ഏറ്റവും കുറഞ്ഞ ടെണ്ടർ രേഖപ്പെടുത്തിയ സാഗർ പോളിക്രാഫ്റ്റ് , വെങ്ങശ്ശേരി, അമ്പലപ്പാറ എന്ന സ്ഥാപനത്തിന് സപ്ലൈ ചെയ്യാൻ അംഗീകാരം നൽകി. സപ്ലൈ ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നമ്പരും തീയതിയും | വാട്ടർ ടാങ്കുകളുടെ എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | 73/24-01-2019 | 70 | 2000 | 140000 |
| 2 | 74/25-01-2019 | 5 | 2000 | 10000 |
| 3 | 106/20-03-2019 | 41 | 2000 | 82000 |
| | ആകെ | 116 | | 232000 |

മേൽ പറഞ്ഞ ഇൻവോയിസുകൾ പ്രകാരം സപ്ലൈയർക്ക് നൽകേണ്ട ആകെ തുക 232000 രൂപയാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ 266700 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകയാൽ ഇൻവോയിസിനേക്കാൾ അധികം നൽകിയ തുക34700 രൂപ (266700-232000) തിരികെ അടവാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.05/28-12-2020) നൽകിയതിൽ തുക 34700 രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനം RTGS മുഖേന 29.12.2020 ന് അടവാക്കിയിട്ടുണ്ട്.

വാട്ടർ ടാങ്ക് വാങ്ങിയതിന്റെ നിരക്ക് 2000 രൂപയായതിനാൽ സബ്സിഡി മാർഗരേഖ {സ.ഉ.(കൈ)22/2018/തസ്വഭവ, തീയതി.14.02.2018} പ്രകാരം നിരക്കിന്റെ 75% പ്ലാൻ ഫണ്ടും (1500 രൂപ), 25% ഗുണഭോഗക്തൃ വിഹിതവും (500 രൂപ) ചെലവഴിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ പ്ലാൻ ഫണ്ട് 174000 രൂപ ചെലവഴിക്കുന്നതിന് പകരം 200000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകയാൽ അധികം ചെലവഴിച്ച തുക 26000 രൂപ സർക്കാറിലേക്ക് തിരികെ അടവാക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ വിഹിതം 500 രൂപ വീതം 116 ഗുണഭോക്താക്കളിൽ നിന്നും 58000 രൂപ (500*116)

പിരിച്ചെടുക്കുന്നതിന് പകരം 575 രൂപ വീതം 66700 (575*116) രൂപയാണ് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിരിക്കുന്നത്. ആകയാൽ അധികം പിരിച്ചെടുത്ത തുക 8700 രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

ആയതിനാൽ മേൽ പറഞ്ഞ പ്രകാരം നടപടികൾ സ്വീകരിച്ച് (26000+8700=34700 തിരികെ അടവാക്കി) വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 356 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ പ്രതിവർഷം 18.69ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട് (പ്രതിമാസം 155750 രൂപ).

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത്തരത്തിലുള്ള സംയുക്ത പരിശോധന നാളിതുവരെ നടത്തിയതായി തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്നതായിരുന്നു 13-ാം പദ്ധതിയുടെ സമീപനം.

<u>നിർദ്ദേശങ്ങൾ</u>

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.11/2018/തസ്വഭവ തിയതി 29-01-2018, സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.22/2018/തസ്വഭവ തിയതി 14-02-2018 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.
2. ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
4. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7/28-12-2020) ക്ക് ഗ്രാമ പഞ്ചായത്തിലെ പരമാവധി കുടുംബങ്ങൾക്കും ജലലഭ്യത ഉറപ്പാക്കുന്നതിനായി ജലജീവൻ മിഷൻ ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും, എല്ലാ വീടുകളിലും ജലലഭ്യത ഉറപ്പാക്കിയതിനു ശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഓഫീസ് വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു. 2018-19വാർഷിക ധനകാര്യ പത്രിക പ്രകാരം 144583 രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന മെയിന്റിനൻസിനായി 37134 രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>വാഹനം -Mahindra Bolero</u>- (രജിസ്ട്രേഷൻ നം.- KL-52-C-5005)

ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.

- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്

  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്

  3. റിപ്പയർ രജിസ്റ്റർ

  4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

- ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

- മൈലേജ് ടെസ്റ്റ് 2018-19 ന ശേഷം നാളിതുവരെയും നടത്തിയിട്ടില്ല.

  കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ വ്യവസ്ഥയും ഗ്രാമ പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/28-12-2020) ഓഫീസ് വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ തുടർ വർഷങ്ങളിൽ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-21 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

തൃത്താല ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി വലിയ തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. വിവിധ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. വൈദ്യുതി ചാർജ്ജ്

1319തെരുവുവിളക്കുകളാണ് കെ.എസ്.ഇ.ബി തൃത്താല സെക്ഷന്റെ കണക്കു പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ളത്. പ്രതിമാസം ശരാശരി 66000 രൂപ വൈദ്യുത ചാർജ്ജായി അടവാക്കുന്നുണ്ട്. 2018-19 വർഷം വൈദ്യുത ചാർജിനത്തിൽ 791976 രൂപ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| Sl No. | Items | Nos |
|---|---|---|
| 1 | Bulb- 40W | 78 |
| 2 | Tube- 2*40 | 46 |
| 3 | Sodium Vapour Lamb- 250W | 39 |
| 4 | CFL- 1*11W | 204 |
| 5 | CFL- 2*11W | 870 |
| 6 | CFL- 1*18W | 82 |
| | Total | 1319 |

ബി. സാധനസാമഗ്രികളുടെ വാങ്ങലുകളും അറ്റകുറ്റപണിയും

വൈദ്യുതി ചാർജ്ജ് കൂടാതെ അറ്റകറ്റപണികൾക്കും, സാധന സാമഗ്രികളുടെ വാങ്ങലിനുമായി പ്ലാൻ ഫണ്ടിൽ നിന്ന് 450000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|
| 18/2019, എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ | 450000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 450000 | ഈ പ്രോജക്റ്റ് പ്രകാരം ടെണ്ടർ മുഖേന 'ഉഷാ ഇലക്ട്രിക്കൽസ് സിസ്റ്റം, കൂറ്റനാട്' എന്ന സ്ഥാപനത്തിൽ നിന്നും 1150 രൂപ നിരക്കിൽ 350 എണ്ണം 24W LED ബൾബുകൾ വാങ്ങിയിട്ടുണ്ട് |

എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും കെ.എസ്.ഇ.ബിയുടെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

സി. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

തെരുവുവിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇപ്പോഴും മീറ്റർ സ്ഥാപിക്കാതെ Burning Hours ന്റെ അടിസ്ഥാനത്തിലാണ് അടവാക്കുന്നത്. നാളിതുവരെയും മീറ്ററിംഗ് സംവിധാനം നിലവിൽ വന്നിട്ടില്ല. നാളിതുവരെയും മീറ്ററിംഗ് സംവിധാനത്തിനായി പ്രോജക്റ്റുകൾ വെച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ എല്ലാ ലാമ്പുകളേയും മീറ്ററിനു കീഴിൽ കൊണ്ടു വന്നാൽ വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് പ്രതീക്ഷിക്കാവുന്നതാണ്.

ഡി. നിർദ്ദേശങ്ങൾ

തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. വൈദ്യുതി ചാർജ്ജ്, വാങ്ങലുകൾ, അറ്റകുറ്റപണികൾ, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നിവയ്ക്കായി പ്രതിവർഷം ശരാശരി 12.5ലക്ഷം രൂപയെങ്കിലും വേണ്ടിവരുമെന്ന് മേൽകണക്കുകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ആയതിലേക്കായി കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തേണ്ടതാണ്.

2. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

3. എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. സ.ഉ(പി)നം.259/2010/തസ്വഭവ, തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കായുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർനപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 സോളാർ വൈദ്യുതീകരണം പദ്ധതി- ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല

പ്രോജക്റ്റിന്റെ നമ്പരും പേരും - 131/19, സോളാർ വൈദ്യുതീകരണം (Spill Over)

അടങ്കൽ- 1050000 { പ്ലാൻ ഫണ്ട് (ജനറൽ) 150000, ജില്ലാ പഞ്ചായത്ത് വിഹിതം- 900000}

ചെലവ്- 60000 ( ട്രഷറി ബിൽ നം. 03/26-05-2018)

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

സോളാർ വൈദ്യുതീകരണം പദ്ധതിക്ക് വേണ്ടി ട്രഷറിയിൽ നിന്നും 60000 രൂപ മേൽ പറഞ്ഞ പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി സംബന്ധിച്ച് ചെലവ് രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.20/30-12-2020) നൽകിയതിന് രേഖകൾ ലഭ്യമാക്കുന്നതിലേക്കായി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തിയതിൽ ലഭ്യമായില്ല എന്നും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നുമാണ് അറിയിച്ചത്. ആയതിനാൽ രേഖകൾ ഓഡിറ്റ് ഹാജരാക്കുന്നതുവരെ സോളാർ വൈദ്യുതീകരണം പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക 60000 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

1-23 പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തി പ്രോജക്ട് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുകയോ, ന്യായമായ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുവാനുള്ള അപേക്ഷ നൽകുകയോ കാലാവധി നീട്ടി നൽകുകയോ ചെയ്തതായി കാണുന്നില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി) 13/2012/പി.ഡബ്ളിയു.ഡി. തീയതി 1.2.2012 പ്രകാരം പുതുക്കിയത്) സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലവധി ദീർഘിപ്പിക്കുന്നതിനുള്ള ആദ്യ തവണത്തെ പിഴ ആദ്യ 3 മാസത്തേക്ക് PAC യുടെ 1% -ഉം അടുത്ത ഓരോ 3 മാസത്തിനും 2% നിരക്കിലും ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല.

പ്രോ.നമ്പർ - 157/19 – ബഡ്സ് സ്കൂൾ അടുക്കളയും ചുറ്റുമതിലും നിർമ്മാണം
വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

1-24 അസി.എഞ്ചിനീയർ ഹാജരാക്കിയ വർക്ക് ഫയലുകളിൽ രേഖകൾ മുഴുവനായും ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

അസി.എഞ്ചിനീയർ ഹാജരാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രധാനപ്പെട്ട പല രേഖകളും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | ട്രഷറി ബിൽ നമ്പർ, തീയതി | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 154/19 ഉഷാ നന്ദിനിയുടെ വീട് മുതൽ തച്ചറംകുന്ന് റോഡ് റീടാറിങ്ങ് | 280000 | 12/31.10.18 | പ്രവൃത്തിയുടെ ഫൈനൽ ബിൽ (KPW Form 23) |
| 2 | 155/19 ജയ് മൂവീസ് റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 190199 | 6/20.10.18 | -ടി- |
| 3 | 159/19 മാട്ടായ കോഴിക്കോട്ടിരി റോഡ് റീടാറിങ്ങ് | 277958 | 7/20.10.18 | -ടി- |
| | | | | |

| | | | | |
|---|---|---|---|---|
| 4 | 160/19 ഷൊർണ്ണൂർ റോഡ് മുതൽ മാട്ടായ റോഡ് വരെ റീടാറിങ്ങ് | 278100 | 8/20.10.18 | -ടി- |
| 5 | 156/19 താന്നിക്കുന്ന് റോഡ് റീടാറിങ്ങ് | 263366 | 9/20.10.18 | -ടി- |
| 6 | 98/19 ആശാരി കോളനി റോഡ് കോൺക്രീറ്റിങ്ങ് | 196084 | 10/25.10.18 | ഫൈനൽ ബിൽ, സാങ്കേതിക അനുമതി രേഖ എന്നിവ |
| 7 | 107/19 പനമ്പറ്റ റോഡിൽ നിന്നും മമ്മിയുടെ വീട് വരെയുള്ള റോഡ് കോൺക്രീറ്റിങ്ങ് | 185525 | 15/ 30.11.2018 | പ്രോജക്റ്റ്, എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി എന്നിവ |
| 8 | 113/19 മേഴത്തൂർ മോസ്കോ കുഞ്ഞൂട്ടി റോഡ് കോൺക്രീറ്റിങ്ങ് | 199073 | 16/ 12.12.2018 | -ടി- |
| 9 | 191/19 തച്ചിറംകുന്ന് റോഡ് ഡ്രെയിനേജ് കോൺക്രീറ്റിങ്ങ് | 392809/- | 19/11.3.19 | എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി എന്നിവ |
| | ആകെ | 2263114 | | |

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 16/29.12.2020 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കാത്തതിനാൽ ആകെ ചെലവ് തുക 2263114 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങിയത് സബ്സിഡി മാർഗ്ഗരേഖാ ലംഘനം

എ)മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ എന്ന പ്രൊജക്ടിന് താഴെ പറയുന്ന ബിൽ നമ്പറുകൾ പ്രകാരം മരുന്നുകൾ സപ്ലൈകോ, ഒറ്റപ്പാലത്തു നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം., പേര് | ബിൽ നം., തീയതി | ഇൻവോയ്സ് നം./തീയതി | തുക |
|---|---|---|---|---|
| 1 | 41 പാലിയേറ്റീവ് കെയർ | 10/18-19 dt 16.2.19 | 0904301/18125 dt 17.1.19 | 107940.59 |
| | | | 0904301/18126 dt 17.1.19 | 53164.28 |
| ആകെ | | | | 161105.00 |

14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാൻ അനുമതിയുള്ളൂ. മാർഗ്ഗരേഖ ഖണ്ഡിക 7.5.4 അനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ ശുപാർശപ്രകാരം കാരുണ്യ/നീതി/ജെൻഔഷധി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ മരുന്നുകൾ മെഡിക്കയറിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (19/30.12.20) നൽകിയെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല.ഭാവിയിൽ മരുന്നുകൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല -161105 രൂപ തടസ്സപ്പെടുത്തുന്നു.

സപ്ലൈകോയിൽ നിന്നും വാങ്ങിയ 161105 രൂപയുടെ മുകളിൽ പറഞ്ഞ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവാക്കിയ തുക തടസ്സപ്പെടുത്തുന്നു.

1-26 റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല

റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കാത്തതിനാൽ 32250 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

1-27 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക Shedule B-7 പ്രകാരം സാമ്പത്തിക വർഷാവസാനം 6,75,243 രൂപ (ഡെപ്പോസിറ്റ് തുകകൾ) ക്രമീകരിക്കാനുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ

വാർഷിക ധനകാര്യ പത്രിക Shedule B-8 പ്രകാരം സാമ്പത്തിക വർഷാവസാനം 1,28,78,051 രൂപ ക്രമീകരിക്കാനുണ്ട്. എന്നാൽ 2018-19 വർഷം അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ക്രമീകരിച്ചതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

മേൽ പറഞ്ഞവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (09/28-12-2020) മുഖേന വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിൽ തുടർന്നുള്ള വർഷങ്ങളിൽ കൃത്യമായി സൂക്ഷിക്കുന്നതാണെന്ന്

അറിയിച്ചിട്ടുണ്ട്. ആകയാൽ ഡെപ്പോസിറ്റ് രജിസ്റ്ററും അഡ്വാൻസ് രജിസ്റ്ററും കാലികമായി എഴുതി സൂക്ഷിക്കുകയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

1-28 ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല

ലോൺ രജിസ്റ്റർ

വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഹഡ്കോയിൽ നിന്നും 91,35,108 രൂപ ലോൺ എടുത്തിട്ടുണ്ട്. എന്നാൽ തിരിച്ചടവ് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നത് നിരീക്ഷിക്കാൻ ഗ്രാമ പഞ്ചായത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ

വാർഷിക ധനകാര്യ പത്രിക പ്രകാരം PDC Bank, Thrithala യിൽ ഫിക്സ് ഡെപ്പോസിറ്റായി വർഷാവസാനം 249670 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഫിക്സഡ് ഡെപ്പോസിറ്റ് പുതുക്കുന്നത് നിരീക്ഷിക്കാൻ ഗ്രാമ പഞ്ചായത്തിൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ പറഞ്ഞവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.20/30-12-2020) നൽകിയതിൽ 2020-21 വർഷം മുതൽ കൃത്യമായി എഴുതി സൂക്ഷിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആകയാൽ ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ കാലികമാക്കി എഴുതി സൂക്ഷിക്കേണ്ടതാണ്.

1-29 ബജറ്റ് തയ്യാറാക്കൽ- ഫയൽ ഹാജരാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടക സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് | ഫെബ്രുവരി 1 ന് മുൻപ് |

| | |
|---|---|
| എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (12/29.12.2020) മുഖേന ആവശ്യപ്പെട്ടിരിന്നുവെങ്കിലും ഹാജരാക്കാത്തതിനാൽ ബഡ്ജറ്റ് മാന്വൽ പ്രകാരം നിശ്ചയിച്ച നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള PWD മാന്വലിലെ ഖണ്ഡിക 2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തി പ്രോജക്ട് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുകയോ, ന്യായമായ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുവാനുള്ള അപേക്ഷ നൽകുകയോ കാലാവധി നീട്ടി നൽകുകയോ ചെയ്തതായി കാണുന്നില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി) 13/2012/ പി.ഡബ്ളിയു.ഡി. തീയതി 1.2.2012 പ്രകാരം പുതുക്കിയത്) സെക്ഷൻ 2112-1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി നീട്ടുമ്പോൾ പൂർത്തീകരണ കാലവധി ദീർഘിപ്പിക്കുന്നതിനുള്ള ആദ്യ തവണത്തെ പിഴ PAC യുടെ 1% -ഉം വീണ്ടും ദീർഘിപ്പിക്കുന്നതിന് 2% നിരക്കിലും ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോ.നമ്പർ - 157/19 – ബഡ്സ് സ്കൂൾ അടുക്കളയും ചുറ്റുമതിലും നിർമ്മാണം

അടങ്കൽ - 448596/- തനത് ഫണ്ട്

ചെലവ് 362465/- ചെക്ക് നമ്പർ 2437246/27.3.2019

PAC – 448596/-

എം.ബി.നമ്പർ 37/18-19, 38/18-19, 43/18-19

കരാറുകാരൻ - പി.വി.അബു

എഗ്രിമെന്റ് നമ്പർ - 45/AE/LSGD/TLA/17-18 തീയതി 08.01.2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 19.3.2019

പ്രോജക്ട് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി - 08.07.2018

വൈകിയത് - 8 മാസം 11ദിവസം

ഈടാക്കേണ്ട പിഴ –ആദ്യ തവണ 1% x 448596 = 4486

അടുത്ത തവണ 2% x 448596 = 8972

ആകെ - 13458 രൂപ

മുകളിൽ പറഞ്ഞ പ്രകാരം 13458 രൂപ പിഴയിനത്തിൽ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 18/30.12.2020 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 13458 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-2 റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ പാക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുത്തിയ ഡാറ്റ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവ്വഹണത്തിനു ശേഷം ബിൽ തുക അനുവദിക്കുമ്പോൾ ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ വില കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയതായി കാണുന്നില്ല. (പ്രവൃത്തികളുടെ എം.ബുക്കിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ പ്രകാരമാണ് ഉപയോഗിച്ച ബാരലുകളുടെ എണ്ണം കണക്കാക്കിയിട്ടുള്ളത്)

1. പ്രോ.നമ്പർ - 152/19 മൂന്നുപുര റോഡ് ടാറിങ്ങ്

അടങ്കൽ 200000/- ഫിനാൻസ് കമ്മീഷൻ അവാർഡ്

ചെലവ് - 175687/-

ട്രഷറി ബിൽ നമ്പർ - 1/31.5.18

കരാറുകാരൻ - സി.കെ.ഷൗഫീദ്

എം.ബി.നമ്പർ - 193/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 6

2. പ്രോ.നമ്പർ - 162/19 – ചേനാട്ട് കുളം റോഡ് മുതൽ കുന്നത്ത്പറമ്പ് കോളനി വരെ റോഡ് റീടാറിങ്ങ്

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് 378232/-

തനത് ഫണ്ട് 36481/-

ചെലവ് - 378232/-

ട്രഷറി ബിൽ നമ്പർ - 2/27.6.2018

കരാറുകാരൻ - സിദ്ദിക്കുൽ അക്ബർ കെ.പി.

എം.ബി.നമ്പർ - 197/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 27

3. പ്രോ.നമ്പർ - 161/19 – നെച്ചിക്കര റോഡ് ടാറിങ്ങ്

അടങ്കൽ - 380000 എഫ്.സി.അവാർഡ്

ചെലവ് - 345076/-

ട്രഷറി ബിൽ നമ്പർ - 3/23.8.18

കരാറുകാരൻ - എം.അബ്ദുൾ നിസാർ

എം.ബി.നമ്പർ - 198/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 13

4. പ്രോ.നമ്പർ 154/19 – ഉഷാ നന്ദിനിയുടെ വീട് മുതൽ തച്ചറംകുന്ന് റോഡ് റീടാറിങ്ങ്

അടങ്കൽ 35770/- എം എഫ് (റോഡ്)

280000/- എഫ്.സി.അവാർഡ്

ചെലവ് - 280000/-

ട്രഷറി ബിൽ നമ്പർ - 12/31.10.18

കരാറുകാരൻ - എം.അബ്ദുൾ നിസാർ

എം.ബി.നമ്പർ - 202/ 17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 25

5. പ്രോ.നമ്പർ 155/19 – ജയ് മൂവീസ് റോഡ് മെറ്റലിങ്ങ് ടാറിങ്ങ്

അടങ്കൽ 200000/- എം എഫ് (റോഡ്)

ചെലവ് - 190199/-

ട്രഷറി ബിൽ നമ്പർ - 6/20.10.18

കരാറുകാരൻ - അബ്ദുൾ നിസാർ

എം.ബി.നമ്പർ - 189/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 6

6. പ്രോ.നമ്പർ - 159/19 – മാട്ടായ കോഴിക്കോട്ടിരി റോഡ് റീടാറിങ്ങ്

അടങ്കൽ 300000/- എഫ്.സി.അവാർഡ്

ചെലവ് 277958/-

ട്രഷറി ബിൽ നമ്പർ - 7/20.10.18

കരാറുകാരൻ - അബ്ദുൾ നിസാർ

എം.ബി.നമ്പർ - 188/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 16

7. പ്രോ.നമ്പർ - 160/19 - ഷൊർണ്ണൂർ റോഡ് മുതൽ മാട്ടായ റോഡ് വരെ റീടാറിങ്ങ്

അടങ്കൽ - 300000/- എഫ്.സി.അവാർഡ്

ചെലവ് - 278100/-

ട്രഷറി ബിൽ നമ്പർ - 8/20.10.2018

കരാറുകാരൻ - അബ്ദുൾ നിസാർ

എം.ബി.നമ്പർ - 187/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 16

8. പ്രോ.നമ്പർ 156/19 – താന്നിശ്ശേരി റോഡ് ടാറിങ്ങ്

അടങ്കൽ 300000/- എം എഫ് (റോഡ്)

ചെലവ് - 263366/-

ട്രഷറി ബിൽ നമ്പർ - 9/20.10.18

കരാറുകാരൻ - അബ്ദുൾ നിസാർ

എം.ബി.നമ്പർ - 190/2017-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 9

9. പ്രോ.നമ്പർ - 186/19 – മില്ലുംപടി റോഡ് റീടാറിങ്ങ്

അടങ്കൽ - 200000/- എം എഫ് (റോഡ്)

ചെലവ് - 197534/-

ട്രഷറി ബിൽ നമ്പർ - 31/26.3.19

കരാറുകാരൻ - പി.വി.അബു

എം.ബി.നമ്പർ - 28/2018-19

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 11

മുകളിൽ പറഞ്ഞ പ്രകാരം ഒരു ബാരലിന് 250/- രൂപ പ്രകാരം ആകെ 129 കാലി ബാരലുകളുടെ വിലയായ 32250രൂപയും അതിന്റെ ജി.എസ്.ടി യും ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 14/29.12.2020 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കാലി ബാരലുകളുടെ വിലയായ 32250 രൂപയും

അതിന്റെ ജി എസ് ടിയും ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 10-07-2019 മുതൽ 11-07-2019 വരെ | നം.കെ.എസ്.എ-പികെഡി-21/997/2019(80), തിയതി: 26-8-2019 |

4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 322374 | 38/2019, ലൈഫ് മിഷൻ (ജനറൽ) | 320000 | 2374 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 425000 | 64/2019, ഭിന്നശേഷിയുള്ള സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ് | 400393 | 24607 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1045200 | 178/19, ചെളുകിട നാമമാത്ര നെൽ കർഷകർക്ക് ഉഴവുകൂലി | 1045200 | 0 |
| ആകെ | | 1792574 | | 1765593 | 26981 |
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1653044 | 38/2019, ലൈഫ് മിഷൻ (ജനറൽ) | 1640000 | 13044 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1590417 | 39/2019, ലൈഫ് മിഷൻ (എസ്.സി.പി) | 1406400 | 184017 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 171500 | 199/19, വൃദ്ധർക്ക് കട്ടിൽ (രണ്ടാം ഘട്ടം) | 171500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 261463 | 178/19, ചെളുകിട നാമമാത്ര നെൽ കർഷകർക്ക് ഉഴവുകൂലി | 261463 | 0 |
| ആകെ | | 3676424 | | 3479363 | 197061 |

ജോയിന്റ് വെഞ്ചർ അക്കൗണ്ട് സാമ്പത്തിക വാർഷാവസാനം റിക്കൺസിലിയേഷൻ നടത്താതെയാണ് വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയത്. ആയതിനാൽ മേൽ പറഞ്ഞ വരവ് ചെലവുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക (നീക്കിയിരിപ്പ്) 190616 രൂപയാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, പാലക്കാട് | 24/19, കുഴൽകിണർ നിർമ്മാണം | 14/ 26-10-2018 (ട്രഷറി ബിൽ നം.) | 65100 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 18761343 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 9135108 | 0 | - | - | 9135108 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 231176 |
| തൻവർഷം നിക്ഷേപിച്ച തുക | 18494 |
| | |

| | |
|---|---|
| ആകെ | 249670 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 249670 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പി.ഡി.സി.ബാങ്ക്, തൃത്താല | ലഭ്യമായില്ല | ലഭ്യമായില്ല | 249670 | - |
| | | | ആകെ | 249670 | |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5847രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-98 | 26 | 440 | കുട്ടൻനായർ, മേഴത്തൂർ | 118130104775/5.12.18 |
| 1996-97 | 32 | 1492 | ചന്ദ്രദാസൻ.കെ.കെ, എൽ.ഡി.സി | 118130105603/16.01.19 |
| 1996-97 | 34 | 1050 | ജി.സുരേന്ദ്രൻ, എൽ.ഡി.സി | 118130105664/17.01.19 |
| 1998-99 | 24 | 300 | ബാലൻ.കെ.പി, യു.ഡി.സി | 118130105702/18.01.19 |
| 1998-99 | 24 | 180 | എ.നാരായണൻ, സെക്രട്ടറി | 118130105701/18.01.19 |
| 1998-99 | 25 | 175 | രാമകൃഷ്ണൻ, യു.ഡി.സി | 118130105703/16.01.19 |
| 2002-03 | 2(2) | 1250 | സെക്രട്ടറി, തൃത്താല കോ ഓപ്പറേറ്റീവ് ബാങ്ക് | 118130106518928.12.18 |
| 2017-18 | 2-1(3) | 960 | സുരാജ്.വി.കെ | 118130106553/20.02.19 |
| | | 5847 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3(1) | 2015-16 | 8(17) | കുടുംബശ്രീ തൊഴിൽ പരിശീലന പദ്ധതി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | നിയമസഭാ സമിതി അന്തിമതീർപ്പ് കൽപ്പിച്ചിട്ടില്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഒന്നുമില്ല

(ബി)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 90323977 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71430106 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45708 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2549319 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 13458 | സൂര്യൻ.കെ.ജി, അസി.എഞ്ചിനീയർ |
| 3-2 | -- | 32250 | സൂര്യൻ കെ.ജി, അസി.എഞ്ചിനീയർ |
| **ആകെ** | | 45708 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 65100 | അമ്പിളി എം, അസി.സെക്രട്ടറി |
| 1-22 | 60000 | അമ്പിളി എം, അസി.സെക്രട്ടറി |
| 1-24 | 2263114 | കെ.ജി.സൂര്യൻ, അസി.എഞ്ചിനീയർ |
| 1-25 | 161105 | ഡോ.ജയരാമൻ.പി.,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 2549319 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ---ഇല്ല-- | -- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സൂര്യൻ കെ.ജി, അസി.എഞ്ചിനീയർ | വിരമിച്ചു | കാര്യാട്ട് ഹൗസ്, ചിയ്യാരം, തൃശ്ശൂർ |
| അമ്പിളി എം, അസി.സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, ചേലക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല | തുഷാര, കുടലൂർ, മേലേ പട്ടാമ്പി പി ഒ, പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-പി.കെ.ഡി 20/1694/2017/05.03.18 | 5 |
| 99-2000 | | 8 |

| | | |
|---|---|---|
| 2000-01 | | 1 |
| 2002-03 | | 3 |
| 2003-04 | | 1 |
| 2004-05 | | 3 |
| 2005-06 | | 5 |
| 2006-07 | | 3 |
| 2007-08 | | 2 |
| 2008-09 | | 11 |
| 2009-10 | | 10 |
| 2010-11 | | 15 |
| 2011-12 | | 9 |
| 2012-13&2013-14 | | 29 |
| 2014-15 | നം കെ.എസ്.എ/ പി.കെ.ഡി-20/1318/16/31.07.16 | 18 |
| 2015-16 | നം കെ.എസ്.എ/ പി.കെ.ഡി-20/2297/16/26.12.16 | 23 |
| 2016-17 | നം കെ.എസ്.എ/ പി.കെ.ഡി-20/1964/17/19.9.17 | 16 |
| 2017-18 | നം കെ.എസ്.എ/ പി.കെ.ഡി-20/1964/17/19.9.17 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.1

## വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേലുള്ള സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി.21/997/2019/(80)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി.26.08.2019

ഫോൺ - 04912-520145

ഇ-മെയിൽ - dopkd.ksad@kerala.gov.in

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തെിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### അനുബന്ധം

### ന്യൂനതകളുടെ സംഗ്രഹം

1. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.
2. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.
3. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.
4. വെറ്ററിനറി സർജ്ജൻ, മെഡിക്കൽ ഓഫീസർ പി എച്ച് സി, ഹെഡ്മിസ്ട്സ്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവഹണോദ്യോഗസ്ഥർ TR 7A ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല.
5. 31.03.2019 ലെ ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. വാർഷിക ധനകാര്യ പത്രികയിലെ താഴെ പറയുന്ന ചെലവ് തുകകൾ ACR ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | AFS പ്രകാരം | ACR പ്രകാരം |
|---|---|---|---|
| 1 | MG -road | 1569677 | 1814264 |
| 2 | MG non-road | 1150742 | 1300469 |

7) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD.21/997/2019/(80)

Kerala State Audit Department,
District Audit Office, Palakkad,

Date.26.08.2019

Phone Number: 04912 520145

email: dopkd.ksad@kerala.gov.in.

## CERTIFICATE

Certified that I have examined the Annual Financial Statement of Thrithala Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions/ Municipalities / Corporations.

In my opinion the financial Statement of Thrithala Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstract of defects/descripencies

1.Property tax Demand- Collection- Balance in Sanchaya is matched to the Annual Financial Statement by Book Adjustment. But details of the adjustment were not made available for inspection.

2. Depreciation has been recorded for the asset register is not complete and the accuracy of the charged amount could not be ascertained.

3. The stock register is not maintained as value based.

4. The Cash books maintained by Veterinary Surgeon, Medical Officer-PHC, Head Master and Assistant Engineer are not in TR 7A Format.

5. Bank Reconciliation Statement as on 31.03.2019 does not certified by the secretary.

6. The following expenditure figures in AFS do not agree with ACR.

| Sl No. | Item | As per AFS | As per ACR |
|---|---|---|---|
| 1 | MG- Road | 1569677 | 1814264 |
| 2 | MG- Non Road | 1170742 | 1300469 |

7. Deposit Register not made available for verification.

Deputy Director

അനുബന്ധം.2

വാർഷിക ധനകാര്യപത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| Thrithala Grama Panchayat BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 27257276.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 874.00 |
| 312000000 | Reserves | B-3 | 43006669.00 |
| | Total Reserve & Surplus | | 70264819.40 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14257623.00 |
| | Total Grants, Contributions for Specific Purposes | | 14257623.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9135108.00 |
| | Total Loans | | 9135108.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 675243.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1853805.60 |
| | Total Current Liabilities and Provisions | | 2529048.60 |
| | TOTAL LIABILITIES | | 96186599.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 54276456.00 |
| 411000000 | Accumulated Depreciation | B-11 | -1565912.00 |
| 412000000 | Capital Work in Progress | B-11(a) | 1893744.00 |
| | Total Fixed Assets | | 54604288.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 1490.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1114517.00 |
| 432000000 | Accumulated Provisions Against Debts | B-15(a) | -440726.00 |

| | | | |
|---|---|---|---|
| | Debtors (Receivables) | | |
| 440000000 | Pre-paid Expenses | B-16 | 9135108.00 |
| 450000000 | Cash and Bank Balance | B-17 | 18893871.00 |
| | | | |
| 460000000 | Loans, Advances and Deposits | B-18 | 12878051.00 |
| | Total Current Assets, Loans and Advances | | -440726.00 |
| | Total Current Assets, Loans and Advances | | 42023037.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 96186599.00 |

Digitally signed by Secretary

ഡെപ്യൂട്ടി ഡയറക്ടർ

| Thrithala Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6612423.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1012236.00 |
| 140000000 | Fee & User Charges | I-4(b) | 1144435.00 |
| 150000000 | Sale & Hire Charges | I-5(b) | 157286.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 107413458.00 |
| 170000000 | Income from Investments | I-7 | 18494.00 |
| 171000000 | Interest Earned | I-8 | 393779.00 |
| 180000000 | Other Income | I-9 | 36347.00 |
| | Total Income | | 116788458.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9575754.00 |
| 220000000 | Administrative Expenses | I-11(b) | 1817995.00 |
| 230000000 | Operations & Maintenance | I-12(b) | 3412598.00 |
| 240000000 | Interest & Finance Charges | I-13 | 27043.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6070468.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 43343325.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 378085.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 665997.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 42462489.00 |
| 255000000 | Maintenance Projects | I-14(e) | 5267215.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 109884.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 549081.00 |
| | Total Expenditure | | 113679934.00 |
| | Gross Surplus/ Deficit of income over Expenditure | | 3108524.00 |
| 280000000 | Prior Period Item | I-18 | -222937.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3331461.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Digitally signed by Secretary

ഡെപ്യൂട്ടി ഡയറക്ടർ

| |
|---|
| Thrithala Grama Panchayat RECEIPT & PAYMENT STATEMENT |
| For the period from 01-April-2018 to 31- |

March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21319490.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1683430.00 |
| 140000000 | Fees & User Charges | RP-4 | 955810.00 |
| 150000000 | Sale & Hire Charges | RP-5 | 157286.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 38831010.00 |
| 171000000 | Interest Earned | RP-9 | 393779.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10983080.00 |
| 350000000 | Other Liabilities | RP-36 | 337734.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 18494.00 |
| 180000000 | Other Income | RP-10 | 36347.00 |
| 330000000 | Secured Loans | RP-32 | 9135108.00 |
| 340000000 | Deposits Received | RP-34 | 117450.00 |
| 350000000 | Other Liabilities | RP-36 | 298477.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6056482.00 |
| 460000000 | Loans, Advances and Deposits | RP-47 | 0.0 |
| | Grand total | | 90323977.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3502614.00 |
| 220000000 | Administrative Expenses | RP-12 | 1817995.00 |
| 230000000 | Operations & Maintenance | RP-13 | 3342598.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4434475.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23177437.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 378085.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 129370.00 |
| 254000000 | Expenditures of | RP-19 | 372189.00 |

| | | | |
|---|---|---|---|
| | Transferred institutions and State Sponsored Schemes | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 5267215.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 109884.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 549081.00 |
| 280000000 | Prior Period item | RP-26 | -152237.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 631758.00 |
| 350000000 | Other Liabilities | RP-36 | 9645127.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 27043.00 |
| 280000000 | Prior Period Item | RP-26 | -50700.00 |
| 340000000 | Deposits Received | RP-34 | 45920.00 |
| 350000000 | Other Liabilities | RP-36 | 1783689.00 |
| 410000000 | Fixed Assets | RP-38 | 2502388.00 |
| 412000000 | Capital work in Progress | RP-40 | 1772619.00 |
| 430000000 | Stock-in-hand | RP-42 | 1490.00 |
| 460000000 | Loans, Advances and Deposits | RP-47 | 12142066.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18848011.00 |
| Cash | Cash | RP-40(b) | 45860.00 |
| | Grand Total | | 90323977.00 |

Digitally signed by Secretary

ഡെപ്യൂട്ടി ഡയറക്ടർ